# യോഹന്നാന്റെ ജീവപഠനം

## ദൂത് ഇരുപത്തിയേഴ്

## കൂട്ടായ്മ നിലനിറുത്തുവാൻ ജീവന്റെ സ്നേഹത്തിലുള്ള കഴുകൽ

## (1)

ഈ ദൂതിൽ വളരെ ശ്രദ്ധേയവും അർത്ഥപൂർണ്ണവുമായ അദ്ധ്യായമായ യോഹന്നാൻ 13-ലേക്ക് നാം വരുന്നു. കർത്താവ് ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നതിനെ സംബന്ധിച്ച് ഇപ്രകാരം ഒരു അദ്ധ്യായം സുവിശേഷങ്ങളിൽ ഉണ്ടെന്ന്, മിക്ക ക്രിസ്ത്യാനികൾക്കും അറിയാം. ഈ അദ്ധ്യായം ആർക്കും അനായാസം മനസ്സിലാക്കാമെന്ന് തോന്നും; എന്നാൽ വാസ്തവത്തിൽ ഇതിന്റെ ശരിയായ അർത്ഥം മനസ്സിലാക്കുക ഒട്ടും എളുപ്പമല്ല. മറ്റുള്ളവരുടെ കാലുകൾ കഴുകുന്നത് അവരോടുള്ള സ്നേഹം പ്രകടിപ്പിക്കുവാൻ മാത്രമാണ് എന്ന് സാധാരണയായി ക്രിസ്ത്യാനകൾ വിശ്വസിക്കുന്നു. ചില വിശ്വാസികൾ കർത്തൃമേശയ്ക്കായി കൂടിവരുമ്പോഴെല്ലാം, കാലുകൾ കഴുകുവാൻ ശഠിക്കുകപോലും ചെയ്യുന്നു. പരസ്പരമുള്ള സ്നേഹം പ്രകടിപ്പിക്കുവാൻ കർത്തൃമേശയുടെ സമയത്ത് അവർ പരസ്പരം കാലുകൾ കഴുകുന്നു. ഇത് നിർബന്ധം ആക്കിയിട്ടില്ലെങ്കിൽ അത് തെറ്റല്ല. നിർബന്ധം ആക്കിയിട്ടില്ലെങ്കിൽ, പരസ്പരം കാലുകൾ കഴുകിക്കൊണ്ട് പരസ്പരസ്നേഹം പ്രകടിപ്പിക്കുന്നതായ ഈ സന്ദർഭങ്ങൾ ശരിയാണ്. മുമ്പ്, പല തവണ ഞാൻ മറ്റുള്ളവരുടെ കാലുകൾ കഴുകിയിട്ടുണ്ട്. മറ്റുള്ളവർ എന്റെ കാലുകളും കഴുകിയിട്ടുണ്ട്. പരസ്പരം ഇങ്ങനെ ചെയ്യുവാൻ നമ്മെ നയിക്കുകയും വഴികാട്ടുകയും ചെയ്യുവാനായി നാം കർത്താവിനെ ചിലപ്പോഴൊക്കെ അനുവദിക്കണം. എന്നാൽ കാലുകഴുകൽ എന്ന ഈ കാര്യം കൂടുതൽ പ്രാധാന്യമുള്ള ഒന്നിനെ സൂചിപ്പിക്കുന്നു. നാം കണ്ടതുപോലെ, ഈ സുവിശേഷത്തിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും ആഴമുള്ളതും ആത്മീയവുമായ ചിലത് സൂചിപ്പിക്കുന്ന അടയാളങ്ങളാണ്. അതുകൊണ്ട്, കാലുകഴുകലും, ആഴമുള്ളതും ആത്മീയവുമായ ഒരു കാര്യം സൂചിപ്പിക്കുന്ന അടയാളമാണ്.

എന്നാൽ ഈ അടയാളത്തിന്റെ ആത്മീയാർത്ഥം കണ്ടുപിടിക്കുക താരതമ്യേന ബുദ്ധിമുട്ടാണ്. എന്താണ് ഇതിന്റെ ആഴമുള്ളതും ആത്മീയവുമായ അർത്ഥം?

ഈ ചോദ്യത്തിന് മറുപടി നൽകുന്നതിനുമുമ്പ്, പൊതുവേ യോഹന്നാന്റെ സുവിശേഷത്തിൽ ഈ അദ്ധ്യായത്തിനുള്ള സ്ഥാനം നാം മനസ്സിലാക്കണം. സുവിശേഷത്തിൽ അതിന് ഒരു വഴിത്തിരിവിന്റെ സ്ഥാനമാണ് ഉള്ളത്. യോഹന്നാന്റെ സുവിശേഷം പ്രധാനമായും രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നു മുതൽ പതിമൂന്ന് വരെയുള്ള അദ്ധ്യായങ്ങൾ ചേർന്നതാണ് ഒന്നാം ഭാഗം; അവിടെ ദൈവംതന്നെയായ നിത്യവചനമായും, ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുവാൻ ജഡാവതാരത്തിലൂടെ ദൈവപുത്രനായും സഭയെ ഉളവാക്കുവാൻ മനുഷ്യന്റെ ജീവനായും കർത്താവ് എങ്ങനെ വന്നു എന്ന് പറയുന്നു. പതിനാലു മുതൽ ഇരുപത്തിയൊന്നു വരെയുള്ള അദ്ധ്യായങ്ങൾ ചേർന്ന രണ്ടാം ഭാഗം, മനുഷ്യപുത്രൻ എന്ന നിലയിൽ കർത്താവ് എങ്ങനെ മനുഷ്യനെയും ദൈവത്തെയും, ദൈവത്തെയും മനുഷ്യനെയും പരസ്പരനിവാസമായി ചേർത്തു പണിയുന്നതിന്, മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ തന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും കടന്നുപോയെന്ന് വെളിവാക്കുന്നു. ഒന്നാം ഭാഗത്തിന്റെ അവസാനമുള്ള പതിമൂന്നാം അദ്ധ്യായം ഒരു വിഭജനരേഖയും വഴിത്തിരിവുമാണ്. അത് രേഖയെ ഒരു ദിശയിൽനിന്ന് മറ്റൊന്നിലേക്ക് തിരിക്കുന്നു.

യോഹന്നാന്റെ സുവിശേഷത്തിന്റെ ഒന്നാം ഭാഗത്തെ കേന്ദ്രചിന്ത എന്താണ്? അത്, ദൈവത്തിന്റെ ആവിഷ്കാരമായ നിത്യവചനമായി, കർത്താവ് നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റുവാനും നമ്മെ അവന്റെ ശരീരത്തിലെ അവയവങ്ങളാക്കുവാനും നമ്മുടെ ജീവനായി വരുന്നു എന്നതാണ്. ഒന്നാം അദ്ധ്യായം, കർത്താവിനെ നിത്യവചനമായി, അതായത്, ദൈവത്തിന്റെ ആവിഷ്കാരമായി, വെളിപ്പെടുത്തുന്നു. പിന്നെ നമ്മുടെ ജീവനായിരിക്കുവാൻ, നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റുവാൻ നമ്മുടെ ജീവനായി അവനെ നാം ഉള്ളിലേക്ക് സ്വീകരിക്കുവാൻ കർത്താവ് വരുന്നതായി നാം കാണുന്നു. തിരഞ്ഞെടുക്കപ്പെട്ട ഒൻപത് സംഭവങ്ങൾ, ജീവൻ എന്ന നിലയിൽ നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റുവാൻ കർത്താവിന് കഴിയുമെന്ന് കാണിക്കുന്നു. പിന്നെ, ഏക ഗോതമ്പുമണിയായ, കർത്താവിന് അനേക മണികളായ നമ്മെ ഉളവാക്കുവാൻ, മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും കടന്നുപോകേണ്ടതുണ്ട് എന്ന് പന്ത്രണ്ടാം അദ്ധ്യായം വെളിപ്പെടുത്തുന്നു. അനേക മണികളായ നാം, ഒരു അപ്പമായി സമന്വയിക്കുന്നു; അതാണ് സഭയാകുന്ന അവന്റെ ശരീരം.

ജഡാവതാരം ചെയ്യുകയും ക്രൂശിക്കപ്പെടുകയും ഉയിർക്കുകയും ചെയ്ത കർത്താവ്, ജഡത്തിൽനിന്ന് ആത്മാവായി കായാന്തരപ്പെട്ടു എന്നതാണ് രണ്ടാം ഭാഗത്തിലെ മുഖ്യകാര്യം. അവന് നമ്മിലേക്ക് ജീവനായി വരുവാൻ കഴിയേണ്ടതിന് ജഡത്തിലുള്ള ദൈവത്തിന്റെ ആവിഷ്കാരത്തിൽ നിന്ന് ആത്മാവായി അവൻ കായാന്തരപ്പെട്ടു. *കായാന്തരപ്പെട്ടു* എന്ന വാക്ക് ദയവായി ശ്രദ്ധിക്കുക. കർത്താവിന് നമ്മുടെ ആത്മാവിലേക്ക് വരുവാൻ കഴിയുന്നതിനും, നമ്മുടെ ആത്മാവിൽ നമ്മുടെ ജീവൻ ആയിരിക്കുന്നതിനും, നമ്മുടെ ആത്മാവിൽ നമ്മോട് ഒന്നായിരിക്കുന്നതിനുമായി, അവൻ ജഡത്തിൽനിന്ന് ആത്മാവായി കായാന്തരപ്പെട്ടു. ആത്മാവായി, അവൻ നമ്മിലും നാം അവനിലുമുണ്ട്. ഇപ്പോൾ അവനും നമുക്കും, നമുക്കും അവനും, ഒന്നായി ഇഴുകിച്ചേരുവാൻ കഴിയും.

യോഹന്നാന്റെ സുവിശേഷത്തിന്റെ ആദ്യഭാഗത്ത് ദൈവത്തെ നമ്മിലേക്ക് കൊണ്ടുവരുവാൻ കർത്താവ് വരുകയും, അവസാന ഭാഗത്ത് നമ്മെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ കർത്താവ് പോവുകയും ചെയ്യുന്നു. ആദ്യത്തെ പന്ത്രണ്ട് അദ്ധ്യായങ്ങളിൽ ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുവാൻ കർത്താവ് ജഡാവതാരത്താൽ വരുന്നു. അവസാനത്തെ എട്ട് അദ്ധ്യായങ്ങളിൽ മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ കർത്താവ് മരണത്താലും പുനരുത്ഥാനത്താലും പോകുന്നു. അവൻ എങ്ങനെ വരുന്നു എന്ന് ആദ്യത്തെ ഭാഗവും അവൻ എങ്ങനെ പോകുന്നു എന്ന് അവസാനത്തെ ഭാഗവും കാണിക്കുന്നു. ദൈവത്തെ നമ്മിലേക്ക് കൊണ്ടുവരുവാൻ അവൻ ജഡാവതാരത്താൽ വരുന്നു. അവന് നമ്മെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ അവൻ മരണത്താലും പുനരുത്ഥാനത്താലും പോകുന്നു.

ഈ രണ്ടു ഭാഗങ്ങൾക്കും ഇടയിൽ, പതുമൂന്നാം അദ്ധ്യായം വഴിത്തിരിവായി നിൽക്കുന്നു. "താൻ ദൈവത്തിന്റെ അടുക്കൽനിന്നു വന്നു എന്നും ദൈവത്തിന്റെ അടുക്കലേക്ക് പോകുന്നു എന്നും യേശു അറിഞ്ഞിരിക്കെ....." എന്ന് 3-ാം വാക്യം പറയുന്നു. അവൻ ദൈവത്തിന്റെ അടുക്കൽനിന്നു വന്നു. ദൈവത്തിന്റെ അടുക്കലേക്ക് പോവുകയായിരുന്നു. ഇതു നിമിത്തം പതിമൂന്നാം അദ്ധ്യായം സുവിശേഷത്തിലെ ഒരു വഴിത്തിരിവാണ് എന്നു ഞാൻ പറയുന്നു.

ദീർഘകാലം ഈ അദ്ധ്യായം എന്നെ വളരെ ബുദ്ധിമുട്ടിച്ചിരുന്നു. പതിനൊന്നാം അദ്ധ്യായത്തിന് മുമ്പോ, പതിനാലാം അദ്ധ്യായത്തിനുശേഷമോ, കാലുകഴുകൽ രേഖപ്പെടുത്താതിരുന്നത് എന്തുകൊണ്ടെന്ന് ഞാൻ അത്ഭുതപ്പെട്ടു. അത് പതിമൂന്നാം അദ്ധ്യായത്തിലായത് എന്തുകൊണ്ട് എന്ന് ഞാൻ അത്ഭുതപ്പെട്ടു. ഈ അദ്ധ്യായത്തിന്റെ സ്ഥാനം നിമിത്തവും ഞാൻ വിഷമിച്ചിരുന്നു. കാരണം അദ്ധ്യായം ഒന്നു മുതൽ പന്ത്രണ്ടു വരെ വചനമായ കർത്താവ് അനേകം ആളുകൾക്ക് ജീവനായി അവനെത്തന്നെ പകർന്നു നൽകുവാൻ വന്നു

എന്നും, ഒടുവിൽ സഭ ഉണ്ടായി എന്നും, ഞാൻ മനസ്സിലാക്കിയിരുന്നു. പന്ത്രണ്ടാം അദ്ധ്യായത്തിൽ സഭയുണ്ട്. കർത്താവ്, പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായിരുന്നു. സർപ്പപ്രകൃതിയോട് ഇടപെടുവാൻ സർപ്പരൂപത്തിൽ അവൻ ഉയർത്തപ്പെട്ടു, അനേക മണികൾ ഉളവാക്കുവാൻ നിലത്തുവീണു മരിച്ച ഗോതമ്പുമണിയും ആയിരുന്നു അവൻ. ഒരർത്ഥത്തിൽ, പന്ത്രണ്ടാം അദ്ധ്യായത്തിന്റെ സമയമായപ്പോഴേക്കും, എല്ലാം പൂർത്തിയായിരുന്നു. പതിമൂന്നാം അദ്ധ്യായത്തിന്റെ ആവശ്യമേ ഇല്ലായിരുന്നു എന്ന് എനിക്കു തോന്നി. അതുകൊണ്ട്, പന്ത്രണ്ടാം അദ്ധ്യായം കഴിഞ്ഞയുടൻതന്നെ പതിനാലാം അദ്ധ്യായം വരേണ്ടിയിരുന്നു എന്നും പതിമൂന്നാം അദ്ധ്യായത്തിന്റെ ആവശ്യമേയില്ലായിരുന്നു എന്നും ചിന്തിച്ച് ഞാൻ വിഷമിച്ചു. പതിമൂന്നാം അദ്ധ്യായത്തിന്റെ ആവശ്യം എന്തായിരുന്നു എന്ന് കണ്ടെത്തുവാൻ ഞാൻ കർത്താവിനോടൊത്ത് വളരെയധികം സമയം ചെലവഴിച്ചു. ഒടുവിൽ, പന്ത്രണ്ടാം അദ്ധ്യായത്തിനുശേഷം നമുക്ക് പതിമൂന്നാം അദ്ധ്യായം ആവശ്യമാണ് എന്ന് കർത്താവ് എന്നോട് പറഞ്ഞു. പതിമൂന്നാം അദ്ധ്യായത്തിൽ കാലുകഴുകൽ കാണുന്നത് വളരെ പ്രാധാനമാണ്. പതിമൂന്നാം അദ്ധ്യായത്തിൽ, യോഹന്നാന്റെ സുവിശേഷത്തിന്റെ വഴിത്തിരിവിൽതന്നെ, കർത്താവ് തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകി. ഇതിന്റെ അർത്ഥം വളരെ ആഴമുള്ളതാണ്.

Tue

## I. കർത്താവുതന്നെ കഴുകുന്നു

### A. അന്ത്യത്തോളം സ്നേഹിക്കുന്നു

കർത്താവ് "ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചു"എന്നും "അന്ത്യത്തോളം അവരെ സ്നേഹിച്ചു"എന്നും 1-ാം വാക്യം പറയുന്നു. ഈ സ്നേഹം നിമിത്തം കർത്താവ് ശിഷ്യന്മാരുടെ കാലുകൾ കഴുകി. അതുകൊണ്ട്, കാലുകഴുകൽ സ്നേഹത്തിന്റെ, അന്ത്യത്തോളമുള്ള സ്നേഹത്തിന്റെ, കാര്യമാണ്. ഇതില്ലാതെ, കർത്താവിന് നമ്മോടുള്ള സ്നേഹം അന്ത്യത്തോളമുള്ളത് ആകുമായിരുന്നില്ല, പിന്നെയോ നമുക്ക് വേണ്ടതിൽ കുറവായിരിക്കുമായിരുന്നു. ഇത് കാലുകഴുകുന്നതിന്റെ പ്രാധാന്യം കാണിക്കുന്നു. ഇതാണ് നമ്മുടെ അങ്ങേയറ്റത്തെ ആവശ്യം. മുമ്പു പറഞ്ഞ ഒൻപത് സംഭവങ്ങളിൽ, കർത്താവ് നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റി. ഇതിനെല്ലാം ശേഷം, നമുക്കിപ്പോഴും കാലുകഴുകലിന്റെ ആവശ്യമുണ്ട്. അതുകൊണ്ട്, കർത്താവിന് അന്ത്യത്തോളമുള്ള തന്റെ സ്നേഹം കാണിച്ചുകൊണ്ട് ഇത് ശ്രദ്ധിക്കണമായിരുന്നു.

### B. എല്ലാം തനിക്കു നൽകിയിരിക്കുന്നു എന്ന് അറിഞ്ഞുകൊണ്ട്

കർത്താവ് ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിനുള്ള കാരണം 3-ാം വാക്യം സൂചിപ്പിക്കുന്നു. അതിനു കാരണം,"പിതാവു സകലവും തന്റെ കൈയിൽ നൽകിയിരിക്കുന്നു എന്നും താൻ ദൈവത്തിന്റെ

അടുക്കൽനിന്നു വന്നു ദൈവത്തിന്റെ അടുക്കലേക്കു പോകുന്നു എന്നും" അവൻ അറിഞ്ഞിരുന്നു എന്നാണ്. ആ സമയം അവൻ മൂന്നു കാര്യങ്ങൾ മനസ്സിലാക്കി: 1. പിതാവ് സകലവും അവന്റെ കൈയ്യിൽ നൽകിയിരുന്നു എന്ന്; 2. അവൻ ദൈവത്തിന്റെ അടുക്കൽനിന്നു വന്നു എന്ന്; 3. അവൻ ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്ന്. ഈ മൂന്ന് കാര്യങ്ങൾ മുഖാന്തരം അവൻ തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകി. പിതാവ് നൽകിയിരുന്ന"സകലവും"പ്രധാനമായും ശിഷ്യന്മാരായിരുന്നു; ദൈവത്തിന്റെ അടുക്കൽനിന്നുള്ള അവന്റെ വരവ്, ദൈവത്തെ തന്റെ ശിഷ്യന്മാരിലേക്ക് കൊണ്ടുവന്നു; ദൈവത്തിന്റെ അടുക്കലേക്കുള്ള അവന്റെ പോക്ക് അവൻ ഈ ശിഷ്യന്മാരെ വിട്ടു പോകുന്നു എന്നതായിരുന്നു. പിതാവ് ശിഷ്യന്മാരെ നൽകിയിരുന്നു, കർത്താവ് ദൈവത്തെ അവരിലേക്ക് കൊണ്ടുവന്നു. എന്നാൽ ഇപ്പോൾ അവൻ അവരെ വിട്ടുപോകുകയായിരുന്നു. ദൈവത്തിന്റെ അടുക്കൽനിന്നുള്ള അവന്റെ വരവും ദൈവത്തെ അവരിലേക്ക് കൊണ്ടുവന്നതും നിമിത്തം, ശിഷ്യന്മാരും അവനിലുള്ള ദൈവവും തമ്മിൽ ഒരു ബന്ധം നിലവിൽവന്നു. ഇപ്പോൾ അവൻ അവരെ വിട്ടുപോകുവാൻ തുടങ്ങുകയായിരുന്നു. അവൻ അവരെ വിട്ടുപോയശേഷം എങ്ങനെ ശിഷ്യന്മാരും ദൈവവുമായുള്ള ബന്ധം നിലനിറുത്താനാവും? അത് കാലുകഴുകലിലൂടെ നിലനിറുത്തണം. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ കൂട്ടായ്മയെ തടസ്സപ്പെടുത്തുന്ന അഴുക്കുകളെല്ലാം കാലിൽനിന്ന് കഴുകി മാറ്റുന്നതാണ്, കാലുകഴുകൽ. അത് ചെയ്തതിലൂടെ, ശിഷ്യന്മാർക്ക് അവനിൽ ദൈവവുമായുള്ള ബന്ധം നിലനിറുത്തുവാനുള്ള മാർഗ്ഗം കർത്താവ് കാണിച്ചുകൊടുത്തു.

ആ സമയത്ത് പിശാച്,"ശിമോന്റെ മകനായ യൂദാ ഈസ്കര്യോത്തായുടെ ഹൃദയത്തിൽ അവനെ ഒറ്റിക്കൊടുക്കാൻ തോന്നിച്ചിരുന്നു"എന്നു പറയുന്ന 2-ാം വാക്യത്താൽ പ്രതിലോമാർത്ഥത്തിൽ ഇത്തരം ധാരണ സ്ഥിരീകരിക്കുവാൻ കഴിയും. പിശാചിന്റെ ദുഷ്പ്രവൃത്തിയുടെ ഉദ്ദേശ്യം ആളുകളെ ദൈവവുമായുള്ള ബന്ധത്തിൽനിന്ന് അകറ്റി നിറുത്തുക എന്നതാണ്. എന്നാൽ ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിലൂടെ കർത്താവ് ചെയ്തത് തന്റെ ശിഷ്യന്മാർക്ക് ദൈവവുമായുള്ള ബന്ധം അവനിൽ നിലനിറുത്തുക എന്നതായിരുന്നു. പിശാച്, ജനത്തെ ദൈവവുമായുള്ള ബന്ധത്തിൽനിന്ന് അകറ്റി നിറുത്തുവാൻ പ്രവർത്തിക്കുമ്പോൾ, കർത്താവ് തന്റെ ശിഷ്യന്മാർക്ക് അവനിൽ ദൈവവുമായുള്ള ബന്ധം നിലനിറുത്തുവാനുള്ള ഒരു മാർഗ്ഗമായി കാലുകഴുകൽ എന്ന പ്രവൃത്തി ചെയ്തു.

## C.തന്റെ വസ്ത്രങ്ങൾ മാറ്റിവച്ചു

കർത്താവായ യേശു തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകുവാൻ തുടങ്ങുമ്പോൾ, അവൻ തന്റെ വസ്ത്രം ഊരി വച്ചു(വാ.4). ഇവിടെ

വസ്ത്രം കർത്താവിന്റെ ആവിഷ്കാരത്തിൽ അവന്റെ നന്മകളെയും സദ്ഗുണങ്ങളെയും മുൻകുറിയായി സൂചിപ്പിക്കുന്നു. അതുകൊണ്ട് തന്റെ വസ്ത്രങ്ങൾ ഊരിവയ്ക്കുന്നത് അവൻ തന്റെ ആവിഷ്കാരത്തിൽ എന്താണ് എന്നത് ഉപേക്ഷിക്കുന്നതിനെ സൂചിപ്പിക്കുന്നു. കർത്താവ് താൻ ആയിരുന്ന തന്റെ എല്ലാ നന്മകളിലും സദ്ഗുണങ്ങളിലും നിലനിന്നിരുന്നുവെങ്കിൽ, അവന് തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകുവാൻ കഴിയുമായിരുന്നില്ല.

## D.തന്നെത്താൻ അരയിൽ ചുറ്റി

കർത്താവ് തന്റെ വസ്ത്രങ്ങൾ ഊരിവച്ചപ്പോൾ, അവൻ തന്നെത്താൻ ഒരു തുവർത്ത് അരയിൽ ചുറ്റി(വാ.4). പ്രതീകാത്മകമായി പറഞ്ഞാൽ, കർത്താവ് തന്നെത്താൻ അരയിൽ ചുറ്റി എന്നതിന്റെ അർത്ഥം അവൻ എളിമയാൽ ബന്ധിതനും പരിമിതനും ആയിരുന്നു എന്നാണ്(cf.1 പത്രൊ.5:5). തന്റെ ശിഷ്യന്മാർക്ക് ശുശ്രൂഷ ചെയ്യേണ്ടതിന്, എളിമയിൽ അവൻ തന്റെ സ്വാതന്ത്ര്യം ഉപേക്ഷിച്ചു.

## E.ശിഷ്യന്മാരുടെ കാലുകൾ വെള്ളംകൊണ്ട് കഴുകുന്നു

### *1. വെള്ളം പരിശുദ്ധാത്മാവിനെയും വചനത്തെയും ജീവനെയും സൂചിപ്പിക്കുന്നു*

കർത്താവ് ശിഷ്യന്മാരുടെ കാലുകൾ വെള്ളംകൊണ്ട് കഴുകി (വാ.5). ഇവിടെ വെള്ളം പരിശുദ്ധാത്മാവിനെയും(തീത്തൊ.3:5) വചനത്തെയും(എഫെ.5:26; യോഹ.15:3) ജീവനെയും(യോഹ.19:34) സൂചിപ്പിക്കുന്നു. നാം കാണുവാൻ പോകുന്നതുപോലെ, പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാലും വചനത്തിന്റെ പ്രകാശനത്താലും ജീവന്റെ ആന്തരിക പ്രമാണത്തിന്റെ വ്യാപാരത്താലും കർത്താവ് നമ്മെ ആത്മീയമായി കഴുകുന്നു. തിരുവെഴുത്തുകളിൽ ഈ മൂന്ന് കാര്യങ്ങൾ ഓരോന്നിനും അടയാളം വെള്ളമാണ്.

### *2. ഭൂമീസ്പർശനത്തിന്റെ അഴുക്ക് കഴുകിക്കളയുന്നു*

ദൈവത്തെ നമ്മിലേക്ക് കൊണ്ടുവരുവാൻ കർത്താവ് ജഡാതാരത്തിലൂടെ വരുകയും, നമ്മെ ദൈവത്തിലേക്ക് കൊണ്ടുപോകുവാൻ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും കടന്നുപോകുകയും ചെയ്തു. രണ്ടും നമ്മുടെ ആത്മാവിൽ സംഭവിക്കുന്നു. നമ്മുടെ ആത്മാവിനെ സംബന്ധിച്ചിടത്തോളം, കർത്താവിന്റെ വരവിനാൽ ദൈവത്തെ നമ്മിലേക്ക് കൊണ്ടുവരുകയും കർത്താവിന്റെ പോക്കിനാൽ നമ്മെ ദൈവത്തിലേക്ക് കൊണ്ടുപോകുകയും ചെയ്തു. എന്നിരുന്നാലും, നമ്മുടെ ഭൗതിക ശരീരത്തെ സംബന്ധിച്ചിടത്തോളം, നാം ഇപ്പോഴും ഇവിടെ ഈ ഭൂമിയിലാണ്. നമ്മുടെ ആത്മാവിൽ നാം സ്വർഗ്ഗീയവും ആത്മീയവും നിത്യവുമായ ഒന്നിനോട് സംയോജിച്ചു, എന്നാൽ നമ്മുടെ ശരീരത്തിൽ നാം ഇപ്പോഴും ഭൂമിയിലാണ്. നമ്മുടെ ആത്മാവിൽ ദൈവത്തെ നമ്മിലേക്കും, നമ്മെ ദൈവത്തിലേക്കും

കർത്താവ് കൊണ്ടുവന്നു. നമ്മുടെ ആത്മാവിൽ നാം ദൈവത്തോട് ഒന്നാണ്. നമ്മുടെ ആത്മാവിൽ നാം സ്വർഗ്ഗത്തിലുമാണ്. കാരണം നാം ദൈവത്തിലാണ്. എന്നാൽ നമ്മുടെ ശരീരത്തിൽ നാം ഇപ്പോഴും ഭൂമിയിലാണ്. വീണ്ടുംജനിച്ച നമ്മുടെ ആത്മാവിനെ സംബന്ധിച്ചിടത്തോളം, നാം ഇനി പഴയ സൃഷ്ടിയല്ല; നാം പുതിയ സൃഷ്ടിയാണ്. എന്നാൽ, ശരീരത്തെ സംബന്ധിച്ചിടത്തോളം നാം ഇപ്പോഴും പഴയ സൃഷ്ടിയിലും ഭൂമിയിലുമാണ്. ഒരു വശത്ത്, നാം പുതിയ സൃഷ്ടിയാണ്, നാം ദൈവത്തിലാണ്, സ്വർഗ്ഗത്തിലുമാണ്. ഇത് സത്യമാണ്, ഇത് ഒരു യാഥാർത്ഥ്യവുമാണ്. മറുവശത്ത്, നാം ഇപ്പോഴും ഈ ഭൂമിയിൽ ഇപ്പോഴും പഴയ സൃഷ്ടിയിലാണ്.

നമുക്ക് ദിവ്യജീവനുണ്ട്; നാം സഭയായിത്തീർന്നിരിക്കുന്നു; എങ്കിലും ഇപ്പോഴും നാം ഭൂമിയിൽ ഈ വീണുപോയ ജഡത്തിലാണ്. ഭൂമീസ്പർശനത്താൽ പലപ്പോഴും നാം മലിനരാണ്. ഇത് ഒഴിവാക്കാനാവില്ല, കാരണം നമുക്ക് ഭൂമീസ്പർശനം ഒഴിവാക്കാനാവില്ല. നമ്മുടെ ശരീരത്തിലെ കാലുകൾ ഭൂമിയിൽ സ്പർശിക്കുന്ന അവയവങ്ങളാണ്. ദിനംതോറും നാം നമ്മുടെ കാലുകൾകൊണ്ട് ഭൂമിയെ സ്പർശിക്കുന്നു. പുരാതനകാലത്ത് യെഹൂദ്യയിൽ, ആളുകൾ മിക്കവാറും എല്ലായിടത്തും തങ്ങളുടെ കാലുകളാൽ എപ്പോഴും ഭൂമിയെ സ്പർശിച്ചുകൊണ്ട് നടന്നുപോയിക്കൊണ്ടിരുന്നു. അവർ ഭൂമിയെ സ്പർശിക്കുമ്പോഴെല്ലാം തീർച്ചയായും അവരുടെ കാലുകൾ അഴുക്കാകുമായിരുന്നു. തത്ഫലമായി, കാലുകഴുകൽ അവർക്ക് ആവശ്യമായിരുന്നു. ആത്മീയമായി പറഞ്ഞാൽ, നമുക്കും അങ്ങനെതന്നെയാണ്.

അഴുക്ക് പറ്റുന്നത് പാപകരമായിരിക്കുന്നതിൽനിന്ന് വ്യത്യസ്തമാണ്. പാപകർമ്മം ഒരു കാര്യവും അഴുക്ക് പറ്റുന്നത് മറ്റൊന്നുമാണ്. നിങ്ങൾ തികച്ചും പാപരഹിതനായിരിക്കാം; എന്നിരുന്നാലും, വളരെ അഴുക്കുപറ്റിയവനായിരിക്കാം. ഒരുപക്ഷേ യാതൊരു തെറ്റുമുണ്ടാകില്ല. എന്നാൽ ഭൂമീസ്പർശനം കാരണം നിങ്ങൾ മലിനരായിരിക്കാം. നിങ്ങളിപ്പോഴും ശരീരത്തിലാണെന്നും ഈ ഭൂമിയിൽ നടക്കുന്നവനാണെന്നും നിങ്ങൾ മനസ്സിലാക്കുന്നില്ലേ? നാം സ്ഥിരമായി ഭൂമിയെ സ്പർശിക്കുന്നു. അത് നമ്മെ മലിനരാക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി, പലപ്പോഴും നാം വൃത്തിയുള്ളവരല്ല. അതുകൊണ്ട്, നമുക്ക് കാലുകഴുകൽ ആവശ്യമാണ്.

Wed

### *3. കർത്താവിനോടും തമ്മിൽതമ്മിലും ഉള്ള കൂട്ടായ്മ നിലനിറുത്തുവാൻ*

യെഹൂദന്മാർ തങ്ങളുടെ കാലുകൾ കഴുകിയതായ സമയം നിങ്ങൾക്കറിയാമോ? ഒരു വിരുന്നിനു വരുമ്പോൾ അവർ പ്രത്യേകിച്ച് തങ്ങളുടെ കാലുകൾ കഴുകി. വിരുന്ന്, കൂട്ടായ്മയ്ക്കുള്ള ഒരു കേന്ദ്രമാണ്. അക്കാലത്ത് യെഹൂദന്മാർ ചെരുപ്പുകൾ ധരിച്ചിരുന്നു.

അവരുടെ വഴികൾ പൊടിയുള്ളതായിരുന്നതുകൊണ്ട് കാലുകൾ എളുപ്പം അഴുക്കാകുമായിരുന്നു. അവർ ഒരു വിരുന്നിനു ചെന്നിട്ട് അഴുക്കുള്ള കാലുകൾ നീട്ടി ഭക്ഷണത്തിനിരുന്നാൽ, അഴുക്കും മണവും കൂട്ടായ്മയ്ക്ക് തടസ്സമായിരുന്നു. അതുകൊണ്ട് സന്തോഷകരമായ ഒരു വിരുന്നിന് കാലുകഴുകൽ അവർക്ക് ആവശ്യമായിരുന്നു. അതിഥികൾ വിരുന്നിന് ക്ഷണിക്കപ്പെട്ട് പരസ്പരം കൂട്ടായ്മ ആചരിക്കുമ്പോൾ, കൂട്ടായ്മയ്ക്ക് മുമ്പ് അവർ തങ്ങളുടെ കാലുകൾ കഴുകേണ്ടിയിരുന്നു. കഴുകലില്ലെങ്കിൽ കൂട്ടായ്മ തടസ്സപ്പെടുമായിരുന്നു. മേശയ്ക്കുചുറ്റും വിരുന്നിനും കൂട്ടായ്മയ്ക്കുമായി കൂടിവരുന്നതിനുമുമ്പ് അവർ കഴുകപ്പെടണമായിരുന്നു. അല്ലെങ്കിൽ, അവർക്ക് കേവലം ആഹ്ളാദകരമായ കൂട്ടായ്മ സാധ്യമല്ലായിരുന്നു. മാത്രമല്ല, അവർ ഭക്ഷണത്തിനിരുന്നിരുന്നത് നാം ചെയ്യുന്നപോലെ കസേരകളോ ബഞ്ചോ ഉപയോഗിച്ചല്ല, മറിച്ച് കാലുകൾ നീട്ടി തറയിൽ ചാഞ്ഞിരുന്നായിരുന്നു. അവരുടെ കാലുകളിൽ അഴുക്കുണ്ടെങ്കിൽ ദുർഗന്ധം അസഹ്യമാകുമായിരുന്നു. ചിലപ്പോൾ അവർ ചെളിനിറഞ്ഞ വഴിയിലൂടെ വളരെ ദൂരം യാത്ര ചെയ്തിരുന്നു. തത്ഫലമായി, ഗന്ധം വളരെ അരോചകമായിരുന്നു. അവർ കൂടിവന്ന് തങ്ങളുടെ കാലുകൾ നീട്ടിവച്ചാൽ, അവരുടെ കൂട്ടായ്മ അത്ര സന്തോഷകരമാവുകയില്ലായിരുന്നു.

യോഹന്നാന്റെ സുവിശേഷം അടയാളങ്ങളുടെ പുസ്തകമാകയാൽ, കാലുകഴുകലിനെ സംബന്ധിച്ച് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നതും ആത്മീയമായ അർത്ഥമുള്ള ഒരു അടയാളമായി കണക്കാക്കണം. കാലുകഴുകലിനെ കേവലം ഭൗതികാർത്ഥത്തിലല്ല ആത്മീയാർത്ഥത്തിലും നാം എടുക്കണം. ഇതൊരു അടയാളമാകയാൽ, കാലുകഴുകലിന്റെ അർത്ഥം അത് കർത്താവുമായും തമ്മിൽതമ്മിലുമുള്ള കൂട്ടായ്മയാണ് എന്നതാണ്. നിങ്ങൾ വെറുതേവന്ന്, കഴുകാതെ, കാലു നീട്ടി ഇരിക്കുകയാണെങ്കിൽ, നിങ്ങളും മറ്റുള്ളവരും തമ്മിലുള്ള കൂട്ടായ്മ തടസ്സപ്പെടും. നാം ഈ ലോകത്തിലായിരിക്കുമ്പോൾ, നാം ദിനംതോറും ഭൂമിയെ സ്പർശിക്കുന്നു. നാം സ്പർശിക്കുന്ന ഈ ഭൂമി നമ്മെ മലിനമാക്കുകയും കർത്താവിനോടും തമ്മിൽതമ്മിലുമുള്ള കൂട്ടായ്മയ്ക്ക് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. അതുകൊണ്ട് കാലുകഴുകൽ എന്നാൽ നാം ഈ ഭൂമിയിൽതന്നെ ആയിരിക്കുമ്പോൾ കർത്താവ് ജീവൻനൽകുന്ന ആത്മാവായി നമ്മുടെ കാലുകൾ കഴുകുന്നു എന്നാണ്. അതായത്, കർത്താവ്, ഭൗമികസ്പർശത്താലുള്ള എല്ലാവിധ അഴുക്കുകളിൽനിന്നും നമ്മുടെ നടപ്പിനെ എപ്പോഴും വൃത്തിയുള്ളതായി സൂക്ഷിക്കുന്നു. കർത്താവ് നമ്മെ കഴുകുവാനും ഭൂമിയെ സ്പർശിക്കുന്നതിൽനിന്ന്, നാം ശേഖരിക്കുന്ന അഴുക്കുകളിൽനിന്ന്, നമ്മെ ശുദ്ധിയുള്ളവരായി സൂക്ഷിക്കുവാനും ഉൽസുകനാണെന്ന് ഇന്ന് നാം മനസ്സിലാക്കണം.

തന്റെ ശിഷ്യന്മാർ കർത്താവിനെയും അന്യോന്യവും ആസ്വദിച്ചു കൊണ്ടുള്ള കൂട്ടായ്മയ്ക്ക് സന്തോഷപൂർണ്ണമായ അവസരം ലഭിക്കുവാൻ അവരുടെ കാലുകൾ കഴുകിക്കൊണ്ട് പതിമൂന്നാം അധ്യായത്തിൽ കർത്താവ് ഒരു മാതൃക സ്ഥാപിച്ചു. നമുക്ക് ഇത്തരം കാലുകഴുകൽ ഇന്ന് ആവശ്യമാണ്. കാലുകഴുകൽ ഭൗതിക മാർഗ്ഗത്തിലുള്ള ഒരു കാര്യം മാത്രമാകരുത്. അത് അധികവും ആത്മീയ മാർഗ്ഗത്തിൽ ആയിരിക്കണം. അത് നമ്മുടെ ജീവിതത്തിന് പ്രയോജനപ്രദമാണ്. ഇന്ന് ലോകം വളരെ മലിനമാണ്; വിശുദ്ധന്മാരായ നാം എളുപ്പം മലിനപ്പെടും. കർത്താവുമായും തമ്മിൽതമ്മിലും സന്തോഷപൂർണ്ണമായ കൂട്ടായ്മ നിലനിറുത്തുവാൻ നമുക്ക് ആത്മീയ കാലുകഴുകൽ ആവശ്യമാണ്.

### *4. രക്തത്താൽ പാപം കഴുകിക്കളയുന്നതിൽനിന്ന് വ്യത്യസ്തം*

നാം നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, മലിനപ്പെടുക എന്നാൽ നാം പാപമുള്ളവരാണ് എന്നല്ല അർത്ഥം. പലപ്പോഴും നിങ്ങൾ പാപമുള്ളവരല്ല, എന്നാലും മലിനപ്പെട്ടവരാണ്. പൊടി എല്ലായിടത്തുമുണ്ട്. അഴുക്കുപറ്റുവാൻ എത്ര എളുപ്പമാണ്. നിങ്ങൾ ഭൂമിയിൽ ജീവിക്കുമ്പോൾ, നിങ്ങൾ അനങ്ങാതെ അവിടെ ഇരുന്നാൽപോലും നിങ്ങൾക്ക് അഴുക്കുപറ്റും. ഈ ഭൂമി മുഴുവൻ അഴുക്കുനിറഞ്ഞതാണ്. അങ്ങനെ എന്തുചെയ്താലും നിങ്ങൾക്ക് അഴുക്കുപറ്റും. യോഗത്തിന് എത്താനുള്ള വഴിയിൽ നിങ്ങൾ വാഹനമോടിക്കുമ്പോൾപോലും, നിങ്ങളെ മലിനപ്പെടുത്താവുന്ന എന്തെങ്കിലും നിങ്ങളുടെ കണ്ണുകൾ അവിചാരിതമായി കാണും. നിങ്ങൾ കാറിൽ കയറുന്നതിനു മുമ്പ്, നിങ്ങളുടെ ആത്മാവ് ജീവനുള്ളതും ഉയർത്തപ്പെട്ടതും ആയിരുന്നു. എന്നാൽ പത്തു മിനിറ്റ് വണ്ടിയോടിച്ചു കഴിഞ്ഞപ്പോൾ, യാതൊന്നും കാണുവാനുള്ള ഉദ്ദേശ്യം നിങ്ങൾക്കില്ലായിരുന്നിട്ടും, യോഗസ്ഥലത്തേക്കുള്ള വഴിയിൽ ചില കാര്യങ്ങൾ കണ്ടതുകൊണ്ടുമാത്രം നിങ്ങൾ മലിനപ്പെടുകയും നിങ്ങളുടെ ആത്മാവ് താഴോട്ടുപോകുകയും ചെയ്തു. ചിലപ്പോൾ, നമ്മുടെ കൂട്ടായ്മയിൽപോലും നമുക്ക് അഴുക്കുപറ്റിയേക്കാം.

പാപകരമായ കാര്യങ്ങൾനിമിത്തം നമുക്ക് രക്തത്താലുള്ള കഴുകൽ ആവശ്യമാണ്. എന്നാൽ മലിനവും പാപകരമല്ലാത്തതുമായ കാര്യങ്ങൾക്ക് ആത്മീയ കഴുകൽ നമുക്കാവശ്യമാണ്. നമുക്ക്, പരിശുദ്ധാത്മാവിനാലും ജീവനുള്ള വചനത്താലും ആന്തരികജീവനാലുമുള്ള കഴുകൽ ആവശ്യമാണ്.

മലിനപ്പെടുന്നത് പാപകരമാവുന്നതിനോട് വളരെ സാമ്യമുള്ളതാകയാൽ, അവ തമ്മിൽ ഒരു വേർതിരിവ് ഉണ്ടാക്കുക എളുപ്പമല്ല. വ്യക്ത

മായ ഒരു വിശദീകരണം നൽകുവാനും എളുപ്പമല്ല. ചിലപ്പോൾ, ഒരു ദിവസം നിങ്ങൾ ഭാര്യയുമായി സന്തോഷത്തിലല്ല. ഒരു ഭർത്താവ് ഭാര്യയുമായി സന്തോഷത്തിലല്ലാതിരിക്കുന്നത് പാപകരമല്ല. അവൻ അവളെ വെറുക്കുകയോ അവളെക്കുറിച്ച് മോശമായി എന്തെങ്കിലും അവളോട് പറയുകയോ ചെയ്യുന്നില്ല. അവന് അവളോട് ദ്വേഷ്യമില്ല. അവൻ അവളുമായി അത്ര സന്തോഷത്തിലല്ല എന്നുമാത്രം. പലപ്പോഴും ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരെ വളരെയധികം സ്നേഹിക്കുന്നു. ഭർത്താക്കന്മാർക്ക് തങ്ങളുടെ ഭാര്യമാരുടെ സ്നേഹം ആവശ്യമാണ്, എന്നാൽ ചിലപ്പോൾ ഭാര്യമാരുടെ സ്നേഹം അമിതമാണ്. അത്തരത്തിലുള്ള സ്നേഹം ആവശ്യമില്ലാത്തപ്പോൾ, അത്തരം സ്നേഹംകൊണ്ട് ചിലപ്പോൾ ഭാര്യമാർ ഭർത്താക്കന്മാരെ സ്നേഹിക്കുന്നു. സ്നേഹം ആവശ്യമായിരിക്കുമ്പോൾ, അത് മധുരകരമാണ്, എന്നാൽ സ്നേഹം അമിതമായി നൽകുമ്പോൾ, അത് ഒരു ശല്യമായിത്തീരുന്നു. അത്തരം അമിത സ്നേഹം ഒരു ശല്യമായി മാറാം. ഒരു ഭാര്യ തന്റെ ഭർത്താവിന്റെ ആരോഗ്യത്തിലുള്ള ഉൽക്കണ്ഠ നിമിത്തം, ഒരു പുറംകുപ്പായം, യഥാർത്ഥത്തിൽ ആവശ്യമില്ലെങ്കിലും, അവൻ ധരിക്കുവാൻ ആഗ്രഹിക്കുന്നു എന്നു കരുതുക. അവന് ജലദോഷം പിടിപെടുമെന്ന് ഭയപ്പെട്ടാണ് പുറംകുപ്പായവും ധരിക്കണമെന്ന് അവൾ ആഗ്രഹിക്കുന്നത്. ഇത്തരം ഉൽക്കണ്ഠ ഭർത്താവിന് ഒരു ശല്യമാവുകയും അവന്റെ അസന്തുഷ്ടിക്ക് കാരണമാവുകയും ചെയ്യുന്നു. ഇത്തരം അസന്തുഷ്ടി പാപകരമല്ല. ഭർത്താവ് ഒന്നും പറയുന്നില്ല; അവൻ യാതൊന്നും പ്രകടിപ്പിക്കുന്നുമില്ല. അവൻ തന്റെ ഭാര്യയുമായി അത്ര സന്തോഷത്തിലല്ല എന്നുമാത്രം. ആ ചെറിയ അസന്തുഷ്ടി അവർക്കിടയിലെ സന്തോഷകരമായ കൂട്ടായ്മയെ തടസ്സപ്പെടുത്തും.

ഇക്കാര്യത്തിൽ നാം എന്ത് ചെയ്യണം? “കർത്താവേ, എന്നെ വളരെയധികം സ്നേഹിക്കുന്നതുകൊണ്ട് ഞാൻ ഭാര്യയോട് അസന്തുഷ്ടനായിരുന്നു. ഞാൻ ഈ സാഹചര്യത്തിലേക്ക് നിന്റെ രക്തം പ്രയോഗിക്കുന്നു,”എന്ന് പറഞ്ഞുകൊണ്ട് ഒരുപക്ഷേ നിങ്ങൾ രക്തം പ്രയോഗിക്കും. എന്നാൽ ഇത് പ്രയോജനമുണ്ടാക്കുകയില്ല. നിങ്ങൾക്ക് മറ്റൊരുതരം കഴുകലാണ് ആവശ്യം, രക്തത്താലുള്ള കഴുകലല്ല, ആത്മാവിനാലും ജീവനുള്ള വചനത്താലും ആന്തരിക ജീവനാലുമുള്ള കഴുകൽ. ഇത്തരം കഴുകൽ നിങ്ങൾക്ക് പ്രദാനം ചെയ്യുവാൻ ആർക്ക് കഴിയും? ഒന്നാമത്, കർത്താവായ യേശുവിന്. രണ്ടാമത് കൂടുതൽ ജീവനുള്ള വിശുദ്ധനോ വിശുദ്ധർക്കോ. നിങ്ങൾ കർത്താവിന്റെ സന്നിധിയിൽ സമയം ചെലവഴിക്കണം. കർത്താവിന്റെ സന്നിധിയിൽ നിൽക്കുക, കർത്താവ് നിങ്ങളുടെ അടുക്കൽ വന്ന്, നിങ്ങളെ രക്തംകൊണ്ടല്ല, മറിച്ച് ആത്മാവുകൊണ്ടും ജീവനുള്ള വചനംകൊണ്ടും

ആന്തരികജീവൻകൊണ്ടും കഴുകും. അവൻ എപ്പോഴാണ് കഴുകൽ തീർക്കുക എന്നു പറയുവാൻ പ്രയാസമാണ്. ചിലപ്പോൾ ഏതാനും നിമിഷങ്ങളേ അഴുക്ക് കഴുകിക്കളയുവാൻ എടുക്കുകയുള്ളൂ; മറ്റു ചില പ്പോൾ അരദിവസം എടുത്തേക്കാം. നിങ്ങൾക്ക് അത്തരം ഒരു കഴു കൽ ആവശ്യമായിരിക്കുമ്പോളെല്ലാം, നിങ്ങളെത്തന്നെ കർത്താവി നായി തുറന്നുകൊണ്ട് അവന്റെ സന്നിധിയിൽ സമയം ചെലവഴിക്കു കയും നിങ്ങളുടെ ഉള്ളിൽ ആന്തരികജീവന്റെ ഒഴുക്കുണ്ടാകുവാൻ അനുവദിക്കുകയും ചെയ്യുക. സ്വതേതന്നെ, ജീവനുള്ളതായ ഒന്ന് ഒഴു കുകയും നിങ്ങളെ നനയ്ക്കുകയും കഴുകുകയും നിങ്ങൾ വീണ്ടും ശുദ്ധരാവുകയും ചെയ്യും. നിങ്ങളുടെ ആത്മാവ് ഉയർത്തപ്പെടുകയും നിങ്ങളുടെ മുഴുവൻ ആളത്തവും കർത്താവിന്റെ സന്നിധിയിൽ ഏറെ സന്തോഷകരമാവുകയും ചെയ്യും. ഇതാണ് കർത്താവിന്റെ സന്നിധി യിൽ ജീവജലത്താലുള്ള കഴുകൽ.

ഒരുമിച്ച് ജീവിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന സഹോദ രീസഹോദരന്മാർക്ക് ബോധപൂർവ്വമല്ലാതെ പരസ്പരം വ്യസനിപ്പി ക്കുവാൻ വളരെ എളുപ്പമാണ്. അവർ പരസ്പരം പോരാടുന്നില്ലായി രിക്കാം, കാരണം പോരാട്ടം പാപകരമാണ്. അവർ ബോധപൂർവ്വമ ല്ലാതെ പരസ്പരം വ്യസനിപ്പിക്കുന്നതേയുള്ളു. ഒരുപക്ഷേ അറിയാ തെതന്നെ നിങ്ങൾ എന്നെ വ്യസനിപ്പിക്കുന്നു. എന്നാൽ, ഞാൻ വ്യസ നത്തെക്കുറിച്ച് പൂർണ്ണമായും ബോധവാനാണ്. തത്ഫലമായി, നാം ഇരുവരും ഏതാണ്ട് മലിനപ്പെടുന്നു. അങ്ങനെ നമുക്ക് പരസ്പരമുള്ള സന്തോഷകരമായ കൂട്ടായ്മ നിലനിറുത്തുവാൻ പ്രയാസമായിരിക്കും. നാം യാതൊന്നും പറയുന്നില്ലെങ്കിലും, ക്രൂശിന്റെ പാഠം പഠിക്കു വാൻ ശ്രമിക്കുന്നുവെങ്കിലും, നമ്മുടെ കൂട്ടായ്മ ചൈതന്യരഹിതമെന്ന് നാം കണ്ടെത്തുന്നു. നാം കഴുകപ്പെടേണ്ടത് ആവശ്യമാണ്.

സഹോദരന്മാരുടെ വീട്ടിൽ ഒരുമിച്ച് വസിക്കുന്നവർ ഒരുപക്ഷേ പ്രാർത്ഥിക്കുവാൻ കൂടിവരുന്നു. അതിൽ കുറേപ്പേർ നല്ല ജീവനുള്ള വർ ആയിരിക്കുകയും മറ്റുള്ളവർ ജീവിക്കുന്നവർപോലും അല്ലായി രിക്കുകയും ആവാം. കാരണം അവർ മലിനപ്പെടുകയും അവരുടെ ആത്മാവ് ഉത്സാഹരഹിതമാവുകയും ചെയ്തിരിക്കാം. ചിലപ്പോൾ സഹോദരന്മാരെല്ലാം തങ്ങളുടെ ആത്മാവിൽ മരവിച്ചവരും ഉത്സാ ഹമില്ലാത്തവരും ആയിരിക്കാം. ഇതിന്റെ കാരണം അവരെല്ലാം പാപം നിറഞ്ഞവരായി എന്നതല്ല. അവർ പരസ്പരം വിമർശിക്കുകയോ പോരാടുകയോ ചെയ്യുന്നില്ല. എന്നിരുന്നാലും ശരിയായ കാലുകഴു കലില്ലാതെ കൂടുതൽ കാലം ഒരുമിച്ച് താമസിച്ചതുകൊണ്ടുമാത്രം സഹോദരന്മാരെല്ലാം മലിനപ്പെട്ടു. അവർക്ക് തങ്ങളുടെ കാലുകൾ കഴുകപ്പെടേണ്ടത് ആവശ്യമാണ്.

മലിനപ്പെടുന്നത് പാപമുള്ളതായിരിക്കുന്നതിനോട് വളരെ സാമ്യമുള്ളതാണ്. മലിനപ്പെട്ടിരിക്കുന്നതിൽനിന്ന് അരയടി അപ്പുറം പോയാൽ, നിങ്ങൾ പാപമുള്ളവനാകും. ഇത്തരത്തിലുള്ള അഴുക്ക് നമ്മുടെ കൂട്ടായ്മയെ തടസ്സപ്പെടുത്തുന്നു. ഞാൻ നിങ്ങളെ നോക്കുന്തോറും, എന്റെ ആത്മാവിന് ഉയരുവാനുള്ള പ്രാപ്തി കുറയുന്നു. നിങ്ങൾ എന്നെ നോക്കുന്തോറും നിങ്ങളുടെ ആത്മാവ് താണുപോകുന്നു. നാം പരസ്പരം സംസാരിക്കുന്നുവെങ്കിൽപോലും, നമുക്ക് സന്തോഷത്തോടെ സംസാരിക്കുവാൻ കഴിയുന്നില്ല. നാം അല്ലാത്തത് അഭിനയിക്കുവാൻ നമുക്ക് ഒരിക്കലും കഴിയുകയില്ല. നമ്മുടെ ആത്മാവ് സന്തോഷം നിറഞ്ഞതാണെങ്കിൽ, നമ്മുടെ വാക്കുകളും സന്തോഷം നിറഞ്ഞതായിരിക്കും. എന്നാൽ, നമുക്ക് സന്തോഷം നിറഞ്ഞ ആത്മാവില്ലാതിരിക്കുകയും, എന്നാലും നമ്മുടെ വാക്കുകളിൽ നാം സന്തോഷമുള്ളവരായി അഭിനയിക്കുകയും ചെയ്താൽ, അവസ്ഥ മോശമാകും. പലപ്പോഴും സഹോദരീസഹോദരന്മാർ കൂടിവരുമ്പോൾ അവർക്ക് പ്രാർത്ഥിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാമോ? അതിനു കാരണം അവരെല്ലാം മലിനപ്പെട്ടു എന്നതാണ്. അവർക്കെല്ലാം പരസ്പരമുള്ള കാലുകഴുകൽ ആവശ്യമാണ്.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും വചനത്തിന്റെ പ്രകാശനത്താലും ജീവന്റെ ആന്തരികപ്രമാണത്തിന്റെ വ്യാപാരത്താലും കർത്താവ് നമ്മുടെ കാലുകൾ കഴുകുന്നു. ഇന്ന്, നമ്മുടെ ഉള്ളിലുള്ള പരിശുദ്ധാത്മാവിനാലും, നമ്മെ പ്രകാശിപ്പിക്കുന്ന തിരുവെഴുത്തുകളിലെ ദൈവവചനത്താലും, നമ്മുടെ ഉള്ളിൽ വ്യാപരിക്കുന്ന ആന്തരികജീവനാലും കർത്താവ് പലപ്പോഴും കഴുകൽ നിർവ്വഹിക്കുന്നു. കർത്താവ് നമ്മെ ഒരു ദിവസം പലപ്രാവശ്യം കഴുകുന്നുണ്ടാകും. ആത്മാവിനാലും വചനത്താലും ആന്തരികജീവനാലും ഒരു ദിവസം പലപ്രാവശ്യം കർത്താവ് എന്നെ കഴുകുന്നു എന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. എനിക്ക് ഭൂമിയിൽ നടക്കേണ്ടിയിരിക്കുന്നു, കാരണം ഞാൻ ഭൂമിയിലാണ് ജീവിക്കുന്നത്. എനിക്ക് ഭൂമീസ്പർശം ഒഴിവാക്കുവാൻ കഴിയുകയില്ല. എനിക്ക് എന്റെ ബന്ധുക്കളോടും പ്രിയപ്പെട്ട സഹോദരീസഹോദരന്മാരോടും ഇടപെടണം. ചിലപ്പോൾ ഒരു സുഹൃത്ത് എന്നെ സന്ദർശിക്കാൻ വരും. എനിക്ക് അവനുമായുള്ള കൂടിക്കാഴ്ച ഒഴിവാക്കുവാൻ കഴിയുകയില്ല. എന്നാൽ അവന്റെ സന്ദർശനം കഴിഞ്ഞ് ഞാൻ മലിനപ്പെട്ടതായി എനിക്ക് അനുഭവപ്പെടും. ഇതാണ് ഭൂമീസ്പർശനം. മാത്രമല്ല, ഞാൻ സാധനങ്ങൾ വാങ്ങുവാൻ പോകുമ്പോൾ എനിക്ക് കടകളുമായി ഇടപെടണം. ഒരു വലിയ വ്യാപാരകേന്ദ്രത്തിൽ കുറച്ച് സമയം ചെലവഴിച്ചുകഴിഞ്ഞാൽ, പാതാളത്തിലായിരുന്നതുപോലെ എനിക്കനുഭവപ്പെടും. ഞാൻ ആ കേന്ദ്ര

ത്തിൽനിന്ന് പുറത്തുവന്നാൽ ഞാൻ പെട്ടെന്നുതന്നെ കഴുകപ്പെടേണ്ടത് ആവശ്യമാണ്. ഞാൻ സാധനങ്ങൾ വാങ്ങുവാൻ പോകുമ്പോഴെല്ലാം എന്റെ കാലുകൾ ഭൂമിയെ സ്പർശിക്കുകയും വളരെ അഴുക്ക് പുരണ്ടതായിത്തീരുകയും ചെയ്യും. എന്നാൽ എന്നെ തുടരെ കഴുകുവാനായി പരിശുദ്ധാത്മാവും ദൈവവചനവും ആന്തിരകജീവനും പ്രവർത്തിക്കുകയും വ്യാപരിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ കർത്താവുമായുള്ള എന്റെ കൂട്ടായ്മ നിലനിറുത്തുവാൻ എനിക്ക് കഴിയുകയില്ലായിരുന്നു.

ഭൂമീസ്പർശനത്തിന്റെ ഒരാഴ്ചത്തെ കുമിഞ്ഞുകൂടലിനുശേഷം, കർത്തൃദിവസം കർത്തൃമേശയ്ക്കു വരുമ്പോൾ, നിങ്ങൾക്ക് കഴുകലിന്റെ ആവശ്യം അനുഭവപ്പെടാറില്ലേ? തീർച്ചയായും, ആ ആഴ്ചയിലെ ഭൂമീസ്പർശനത്തിൽനിന്നു ശേഖരിച്ച അഴുക്കിൽനിന്ന് നിങ്ങളെ ശുദ്ധീകരിക്കുവാൻ കാലുകഴുകലിന്റെ ആവശ്യം നിങ്ങൾക്കനുഭവപ്പെടും. നമുക്ക് കഴുകൽ ആവശ്യമാണ്, പാപങ്ങൾക്കുവേണ്ടിയുള്ള രക്തത്താലുള്ള കഴുകൽ മാത്രമല്ല, ഭൂമീസ്പർശനത്തിൽനിന്നു വരുന്ന അഴുക്കിനെ കഴുകിക്കളയുവാൻ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും വചനത്തിന്റെ പ്രകാശനത്താലും ആന്തരികജീവന്റെ വ്യാപാരത്താലും ഉള്ള കഴുകലും ആവശ്യമാണ്.

### *5. ഭൗതികമായി മാത്രമല്ല, ആത്മീയമായും*

കാലുകഴുകലിന്റെ യഥാർത്ഥമായ അർത്ഥം ഇപ്പോൾ നമുക്കറിയാം. അത് ജീവനിലുള്ള കൂട്ടായ്മ നിലനിറുത്തുന്ന ഒരു വിഷയമാണ്. അതൊരു ഭൗതികകാര്യം മാത്രമല്ല; ഒരു ആത്മീയ അനുഷ്ഠാനവും ആയിരിക്കണം. നാം ഈ അടയാളം ഭൗതികമായി മനസ്സിലാക്കുക മാത്രമല്ല, ദൃഷ്ടാന്തീകരിക്കുകയും വേണം. ഈ അടയാളത്തിന്റെ ആത്മീയ അർത്ഥം അനുസരിച്ച്, ജഡത്തിൽ ജീവിക്കുമ്പോഴും പൊടിയുള്ള ഈ ഭൂമിയിൽ നടക്കുമ്പോഴും നാം ശേഖരിക്കുന്ന അഴുക്കുകളെല്ലാം കഴുകിക്കളയുവാൻ നാം ആത്മാവിനെയും ജീവനുള്ള വചനത്തെയും ആന്തരികജീവനെയും അനുവദിക്കേണ്ട ആവശ്യമുണ്ട്.